20-11-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/11/2022.

1. സംസ്ഥാന കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസത്തിനായി കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വായ്പാ തീയതി **വയനാട്, ഇടുക്കി** ജില്ലയിലെ കർഷകർക്ക് **31.08.2018 എന്നത് 31.08.2020** വരെയും **മറ്റ് 12 ജില്ല**കളിലെ കർഷകർക്ക് **31.03.2014 എന്നത് 31.03.2016** വരെയും ദീർഘിപ്പിച്ചതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് നിരന്തരം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുകയും കൃഷിനാശം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കടക്കെണിയിൽ അകപ്പെടാതിരിക്കുന്നതിനും, സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചുമാണ് ഈ തീരുമാനമെന്നും മന്ത്രി അറിയിച്ചു. കർഷകർ സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. സംസ്ഥാന വിള ഇൻഷുറൻസ് പ്രമീയം ഇനി മുതൽ കർഷകർക്ക് ഓൺലൈനായി അടയ്ക്കാം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴിയാണ് ഓൺലൈനായി പ്രീമിയം തുക അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുള്ളത്. ഡെബിറ്റ് /ക്രെഡിറ്റ് കാർഡുകൾ വഴിയോ ഇന്റർനെറ്റ് ബാങ്കിംഗ് വഴിയോ, UPI സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ പ്രീമിയം തുക അടക്കുവാൻ കഴിയും. ഇതിനായി സംസ്ഥാന ട്രഷറി വകുപ്പിന്റെ സൗകര്യങ്ങളാണ് പോർട്ടലിൽ ബന്ധിപ്പിച്ചിരിക്കുന്നത്. AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച കർഷകരുടെ ലോഗിനിൽ തന്നെയാണ് പുതിയ സൗകര്യവും തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ പിന്നീട് എപ്പോൾ വേണമെങ്കിലും കർഷകന് സ്വന്തം ലോഗിനിൽ നിന്ന് പ്രിന്റ് എടുക്കുവാനും സാധിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

3. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

4. തിരുവനന്തപുരം ജില്ലയിൽ ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ ഫവലൃക്ഷങ്ങളിൽ/സുഗന്ധവ്യജ്ഞനങ്ങളിൽ നിന്നും **2023 ജനുവരി 01 മുതൽ 2023 ഡിസംബർ 31** വരെയുള്ള കാലയളവിൽ മേലാദായം എടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ രീതിയും/ലേല രീതിയും അവലംബിച്ച് കൂടുതൽ തുക രേഖപ്പെടുത്തുന്ന/വിളിക്കുന്നയാൾക്ക് നൽകുന്നതാണ്. ക്വട്ടേഷൻ നവംബർ 24-ന് 11.30-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. നവംബർ 24-ന് പകൽ 12 മണിക്ക് പരസ്യമായി ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. നാളികേരത്തോപ്പുകളുടെ സമഗ്രപരിപാലനം ലക്ഷ്യമിട്ട് കൃഷിവകുപ്പ് ഈ സാമ്പത്തികവർഷം പതിനായിരം ഹെക്ടറിൽ നൂറ് കേരഗ്രാമങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിലെ കൃഷിഭവനുകൾ മുഖേനയാണ് സഹായം നൽകുക. തടം തുറക്കൽ, കളപറിക്കൽ, പുതയിടൽ തുടങ്ങിയവയ്ക്ക് 35 രൂപയും തൊണ്ടടുക്കലിന് 50 രൂപയും തെങ്ങൊന്നിന് സഹായം. ഇടവിളക്കൃഷിയ്ക്ക് ഹെക്ടറിന് 5000 രൂപയും കുമ്മായം-ഡോളമൈറ്റ് തുടങ്ങിയവ ചേർക്കുന്നതിന് 9

രൂപയും നൽകും. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒന്നിന് അഅയിരം രൂപ നിരക്കിൽ ഹെക്ടറിന് പതിനായിരം രൂപ സഹായം. പുതിയ തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ഹെകക്കടറിന് 420 രൂപ സഹായം നൽകും.

**പരിശീലന പരിപാടികൾ**

6. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി **'പഴം – പച്ചക്കറി സംസ്കരണത്തിൽ പാക്കേജിന്റെ പ്രാധാന്യം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (29.11.2022 ന് ) നടത്തുന്നു. 500 രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. താൽപര്യമുള്ളവർ ആഫീസ് സമയങ്ങളിൽ **9447281300** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 23-ന് ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ **ക്ലാസ്സ് റൂം പരിശീലനവും 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനവും** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'ജൈവ കൃഷി പരിപാലനം'** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിൻറെ കാലാവധി. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2022 നവംബർ 27 നു മുമ്പായി രജിസ്റ്റർ ചെയ്യേ്താണ്. കൂടുതൽ വിശദശാംശങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **0487 2438567, 9497353389, 9567190858** എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.